8. മാറാട്, മുഴുവൻ strength-ഓടുകൂടിയുള്ള ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കും.

9. ബേപ്പൂരിൽ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ തുടങ്ങുന്നതിന് വേണ്ടിയുള്ള ഭൂമി ഉടൻ തന്നെ വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കും.

10. മാറാട് വികസന പാക്കേജ് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർ നേരിട്ട് വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

ദമാമിലേക്ക് ജോലിക്കുപോയവരെ തടഞ്ഞ സംഭവം

*13 [12] ശ്രീ. വി. ബാലറാം:

,, കെ. മുഹമ്മദാലി:

,, കെ. പി. വിശ്വനാഥൻ:

ശ്രീമതി രാധാരാഘവൻ:

ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള എയർപോർട്ടുകളിലെ ഇമിഗ്രേഷൻ വിഭാഗത്തിന്റെ ചുമതല ആർക്കാണ്;

(ബി) നവംബർ 15-ാം തീയതിക്കു ശേഷവും 21-ാം തീയതിക്ക് മുൻപുമായി ദമാമിലേക്ക് ജോലിക്കു പോകുന്നതിനായി യാത്രാരേഖകളും ബോർഡിംഗ് പാസ്സുകളുമായി തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയവരെ അകത്തേക്കു കടത്തിവിട്ടില്ലെന്നും അവർക്കു ജോലി നഷ്ടപ്പെട്ടു എന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആരിൽ നിന്നെല്ലാമാണ് പരാതി ലഭിച്ചത്;

(ഡി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്.

(ബി) 18-11-2003-ന് രാത്രി 11.10-നുള്ള എയർഇന്ത്യാ വിമാനം എ. ഐ. 915-ൽ ദമാമിലേക്ക് ജോലിക്കായി പോകാൻ വന്ന 30 വയസ്സിന് താഴെ പ്രായമുള്ള 6 സ്ത്രീകളുടെ യാത്രാരേഖകൾ പരിശോധിച്ചതിൽ ടി യാത്രക്കാർ ഏതു ജോലിക്കാണ് പോകുന്നതെന്നുള്ള വിവരം അവരവരുടെ കൈവശമുള്ള അറബി ഭാഷയിലുള്ള വിസ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചതിൽനിന്നും മനസ്സിലാക്കാൻ കഴിയാത്തതിനാൽ ടി വിസയുടെ ഇംഗ്ലീഷ് പരിഭാഷ കൊണ്ടുവരാൻ നിർദ്ദേശിച്ച് യാത്ര തടഞ്ഞിട്ടുണ്ട്. ടി യാത്രക്കാരുടെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

1. റീനാ ബിജോയ്
2. ജാൻസി ജോർജ്
3. റൂബി ജോർജ്
4. റൂബി ജോൺ
5. മോളി ഗ്രിഗറി
6. ബ്രിസ്റ്റില ദേവ ചെൽസി

തുടർന്ന് 20-11-2003-ൽ ഗൾഫ് എയർ 463 വിമാനത്തിൽ യാത്രചെയ്യുന്നതിനു വേണ്ടി വിസ പരിഭാഷ ഉൾപ്പെടെയുള്ള മതിയായ യാത്രാ രേഖകളുമായി മേൽപ്പറഞ്ഞ വരെല്ലാം എത്തുകയും എല്ലാവരെയും എമിഗ്രേഷൻ ക്ലിയറൻസ് ചെയ്തിട്ടുള്ള തുമാകുന്നു.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

പശ്ചിമഘട്ടങ്ങളുടെ ത്വരിത വികസനം

*14 [13] ശ്രീ. കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്:
,, യു. സി. രാമൻ:
,, കളത്തിൽ അബ്ദുള്ള:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ടങ്ങളുടെ ത്വരിത വികസനത്തിനായി 2001-2002, 2002-2003 സാമ്പത്തിക വർഷങ്ങളിൽ എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ജോലികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള ജോലികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ജോലികൾ പൂർത്തിയാക്കാൻ എത്ര നാളുകൾ വേണ്ടിവരും എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly